# കേരള റോഡ് ഫണ്ട് ബോർഡ്

തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ നിർമാണം പൂർത്തിയാക്കിയ 14.069 കിലോമീറ്റർ റോഡുകളിലെ 227 തെരുവുവിളക്കുകൾ പരിപാലിക്കുന്നതിനു അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുന്നു.

**നിബന്ധനകൾ**

1. താല്പര്യ പത്രത്തിൽ ഉൾപ്പെടുന്ന 227 തെരുവു വിളക്കുകളുടെയും പരിപാലനം പൂർണ്ണമായും ഏറ്റെടുത്തു നടത്തേണ്ടതാണ്.
2. വിളക്കുകാലുകൾക്കോ അതിൽ സ്ഥാപിച്ചിട്ടുള്ള ലൈറ്റുകൾക്കോ അനുബന്ധ ഉപകരണങ്ങൾക്കോ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അവ മാറ്റി സ്ഥാപിക്കേണ്ടതാണ്.
3. നിലവിലുള്ള എല്ലാ വിളക്കുകളും 100 വാട്ട്സ് LED യിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്. അവ KRFB നിർദേശിക്കുന്ന സ്പെസിഫിക്കേഷൻ ആയിരിക്കേണ്ടതാണ്.
4. തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായാൽ ആയത് 48 മണിക്കൂറിനുള്ളിൽ പരിഹരിക്കേണ്ടതാണ്.
5 തെരുവിവിളക്കുകളുടെ പരിപാലനവുമായി ബന്ധപെട്ടു എന്തെങ്കിലും അപകടങ്ങൾ സംഭവിക്കുകയാണെങ്കിൽ ആയതിനു കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
6. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് വഹിക്കേണ്ടതാണ്.
7. പദ്ധതിയുടെ നടത്തിപ്പിനായി വിളക്കുകാലുകളിൽ റോഡ് നിരപ്പിൽ നിന്നും 5.50 മീറ്റർ ഉയരത്തിലും വാഹനയാത്രക്കാരുടെ കാഴ്ച്ച തടസ്സപെടുത്താത്ത രീതിയിലും പരസ്യ ബോർഡ് സ്ഥാപിക്കേണ്ടതാണ്. (2.50 ft x 5.0 ft ).
8. പരസ്യം പ്രദർശിപ്പിക്കുന്നതിനു മുൻപ് കേരള റോഡ് ഫണ്ട് ബോർഡിൻറെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.
9.പ്രദർശിപ്പിക്കാൻ ഉദ്ദേശിക്കുന്ന പരസ്യങ്ങൾ നിയമാനുസൃതമായിരിക്കണം. യാത്രക്കാരുടെ ശ്രദ്ധ ആകർഷിക്കുന്ന ശബ്ദങ്ങളോ വെളിച്ചങ്ങളോ ചിത്രങ്ങളോ ഉൾപെടുത്താൻ പാടുള്ളതല്ല.
10. പരസ്യ ബോർഡുകളുടെ പ്രവർത്തനത്തിന് ആവശ്യമായ വൈദ്യുതി കണക്ഷൻ എടുക്കേണ്ടതാണ്.
11. പ്രവർത്തി ഏറ്റെടുക്കുന്നതിന് മുൻപായി കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതും സെക്യൂരിറ്റി നിക്ഷേപമായി 5 ലക്ഷം രൂപ കേരള റോഡ് ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതുമാണ്.

12. പ്രസ്തുത കരാറിന്റെ കാലവധി മൂന്നു വർഷമായിരിക്കും.
13. പ്രസ്തുത കരാർ മാറ്റം വരുത്തുന്നതിനോ റദ്ദ് ചെയ്യുന്നതിനോ കേരള റോഡ് ഫണ്ട് ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**ടെക്നിക്കൽ ബിഡ്**

1. ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിയമാനുസൃതമായി പ്രവർത്തിക്കുന്നതുമായ സ്വതന്ത്ര സ്വകാര്യ സ്ഥാപനമായിരിക്കണം. ആയതു തെളിയിക്കുന്നതിനായി Incorporation Certificate / Partner shipped/ PAN Card/ GST Registration എന്നിവയുടെ കോപ്പി ഹാജരാക്കേണ്ടതാണ്.

2. ഔട്ട് ഡോർ പരസ്യ മേഖലയിൽ 5 വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം ഉണ്ടായിരിക്കേണ്ടതാണ് ആയതു തെളിയിക്കുന്നതിനായി Incorporation Certificate / Partner shipped/ PAN Card/ GST Registration എന്നിവയുടെ കോപ്പി ഹാജരാക്കേണ്ടതാണ്.

3. 2025 മാർച്ച് 31 വരെയുള്ള മൂന്ന് സാമ്പത്തിക വർഷത്തിൽ ശരാശരി 1.50 കോടി രൂപയിൽ കുറയാത്ത ടേൺ ഓവർ ഉണ്ടായിരിക്കേണ്ടതാണ്. ആയതു തെളിയിക്കുന്നതിനായി CA സെർട്ടിഫൈഡ് ചെയ്ത Turn Over സർട്ടിഫിക്കറ്റ്ഹാജരാക്കേണ്ടതാണ്.

4.2025 ആഗസ്റ്റ് വരെയുള്ള GST return കുടിശ്ശിക വരുത്താൻ പാടില്ലാത്തതും ആയതു തെളിയിക്കുന്നതിനായി GSTR -1 ., GSTR - 3 B സർട്ടിഫിക്കറ്റ്ഹാ ജരാക്കേണ്ടതാണ്.

5 2023- 2024 വർഷത്തെ NET Worth പോസിറ്റീവ് ആയിരിക്കണം ആയതു തെളിയിക്കുന്നതിന് CA സർട്ടിഫിക്കറ്റ്ഹാ ജരാക്കേണ്ടതാണ്.

6. LSGD/ Govt. Agency എന്നിവയിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടില്ല എന്നത് തെളിയിക്കുന്നതിന് സ്വയം സാക്ഷ്യപെടുത്തിയ അഫിഡവിറ് ഹാജരാക്കേണ്ടതാണ്.

7.നഗര സൗധര്യവൽക്കരണത്തിന്റെ ഭാഗമായി LSGD/ Govt Agency എന്നിവയിൽ ഏതെങ്കിലും സഹകരിച്ച് നിലവിൽ നടപ്പാക്കി വരുന്ന ഒരു പദ്ധതി കരാറെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ആയതു തെളിയിക്കുന്നതിന് എഗ്രിമെന്റ് കോപ്പി ഹാജരാക്കേണ്ടതാണ്.

**ഫിനാൻഷ്യൽ ബിഡ്**

1.പരസ്യം സ്ഥാപിക്കുന്ന വിളക്കുകാലിൽ ഒരെണ്ണത്തിന് ലൈസൻസ് ഫീ ആയി ഒരു വർഷത്തേക്ക് KRFB യിലേക്ക് അടയ്ക്കുന്ന തുക രേഖപ്പെടുത്തേണ്ടതാണ്. ആയവയുടെ തുക വ്യത്യസ്തമായി രേഖപ്പെടുത്തേണ്ടതാണ്

2 താല്പര്യപത്രത്തിൽ മറ്റേതെങ്കിലും ഓഫറുകൾ KRFB - ക്കു നല്കുന്നുണ്ടെങ്കിൽ അത് ഫിനാൻഷ്യൽ ബിഡിൽ രേഖപ്പെടുത്തേണ്ടതാണ്.

3. Two Bid മാതൃകയിൽ ആണ് ടെൻഡർ നടത്തുന്നത്

4. ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിവ പ്രതേക കവറുകളിൽ നൽകേണ്ടതാണ്.

5.ടെക്നിക്കൽ ബിഡിൽ യോഗ്യത നേടിയ വ്യക്തി/ സ്ഥാപനത്തിന് മാത്രമേ ഫിനാൻഷ്യൽ ബിഡിൽ പങ്കെടുക്കുവാൻ യോഗ്യത ലഭിക്കുകയുള്ളു.

അവശ്യ പെട്ട രേഖകൾ എല്ലാം ഉൾപെടുത്തി പ്രൊപോസലുകൾ കേരള റോഡ് ഫണ്ട് ബോർഡിൻറെ പാളയം ഓഫീസിൽ ഒക്ടോബര് 17 തിങ്കളാഴ്ച പകൽ 3.00 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

07-10-2025 M.Asok Kumar

തിരുവനന്തപുരം

CHIEF ENGINEER